**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 436** **08-10-2024 - ൽ മറുപടിയ്ക്ക്**

**കെ.ജി. സുബ്രഹ്മണ്യം സാംസ്കാരിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാംസ്കാരിക സ്ഥാപനങ്ങൾക്ക് കിഫ്ബി മുഖേന തുക അനുവദിക്കാറുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കിഫ്ബിയുടെ ധനസഹായത്തോടെ വിവിധ നവോത്ഥന നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് പതിനാലു ജില്ലകൾക്കുമായി 700 കോടി രൂപയുടെ ഭരണാനുമതി സാംസ്കാരികകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വി ടി ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം (66 .81 കോടി), കാസർഗോഡ് ജില്ലയിലെ സുബ്രമണ്യൻ തിരുമുൻപ് സാംസ്കാരിക സമുച്ചയം (46.44 കോടി), കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം (57.33 കോടി), മലപ്പുറം ജില്ലയിലെ അബ്ദുർ റഹിമാൻ സാഹിബ് സാംസ്കാരിക സമുച്ചയം (39.68 കോടി), കണ്ണൂർ ജില്ലയിലെ വാഗ്ഭടാനന്ദൻ സാംസ്കാരിക സമുച്ചയ നിർമാണത്തിനായി സ്ഥലമേറ്റെടുക്കൽ (34.15 കോടി), കോഴിക്കോട് ജില്ലയിലെ വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയ നിർമാണത്തിനായി സ്ഥലമേറ്റെടുക്കൽ (35 കോടി), കോട്ടയം ജില്ലയിലെ ലളിതാംബിക അന്തർജനം സാംസ്കാരിക സമുച്ചയ നിർമാണത്തിനായി സ്ഥലമേറ്റെടുക്കൽ (6 .48 കോടി) എന്നീ പദ്ധതികൾക്കാണ് കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഏതൊക്കെ സാംസ്കാരിക സ്ഥാപനങ്ങൾക്കാണ് കിഫ്ബി മുഖേന തുക അനുവദിച്ചതെന്നും, ആയത് എത്ര വീതമാണെന്നും തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) | 2022-23 ,2023 -24 സാമ്പത്തിക വർഷങ്ങളിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കു കിഫ്ബി മുഖേനെ തുകയൊന്നും അനുവദിച്ചിട്ടില്ല . |

| | | | |
|---|---|---|---|
| (സി) | പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സ്ഥാപിക്കുന്ന സാംസ്കാരിക കേന്ദ്ര നിർമ്മാണത്തിന് കിഫ്ബി മുഖേന തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കുമോ ? | (സി) | കിഫ്ബി മുഖേന തുക വകയിരുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ